# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1927** **14/08/2017-ൽ മറുപടിക്ക്**

## മരുന്നുകളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| **എ)** സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിലേറെയും ഗുണനിലവാരമില്ലാത്തവയാണെന്നും കൃത്യമായി ഗുണനിലവാരം പരിശോധിക്കാൻ മതിയായ സംവിധാനങ്ങളില്ലെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | **എ)** ശ്രദ്ധയിൽപെട്ടിട്ടില്ല. |
| **ബി)** സംസ്ഥാനത്ത് നിലവിൽ എത്ര മെഡിക്കൽ സ്റ്റോറുകളുണ്ട്;അവയിലൂടെ വിൽക്കപ്പെടുന്ന എത്ര ശതമാനം മരുന്നുകളാണ് പരിശോധിക്കപ്പെടുന്നത്; | **ബി)** സംസ്ഥാനത്ത് നിലവിൽ 13877 ചില്ലറ ഔഷധ വ്യാപാരികളുണ്ട്. നിലവിലെ സംവിധാനങ്ങൾ പ്രകാരം മൊത്തം 3 ലക്ഷത്തോളം ബാച്ച് മരുന്നുകളുടെ 3% ആണ് റാൻഡം സാമ്പ്ലിംഗ് വഴി പരിശോധനയ്ക്ക് വിധേയമാക്കുന്നത്. |
| **സി)** മെഡിക്കൽ സ്റ്റോറുകളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്താറുണ്ടോ; നടത്തിയ പരിശോധനയുടെ പൂർണ്ണവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | **സി)** ഏറ്റവും കുറഞ്ഞത് വർഷത്തിലൊരിക്കലെങ്കിലും മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തണമെന്നാണ് ഡ്രഗ്സ് കോസ്മെറ്റിക്സ് ആക്ട് & റൂൾസ് അനുശാസിക്കുന്നത്. ആയത് അനുസരിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധനകൾ നടത്തുന്നുണ്ട്.<br><br>2017-18 കാലയളവിൽ നടത്തിയ പരിശോധനകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| **ഡി)** വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ പരിശോധിക്കുന്നതിന് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | **ഡി)** നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. ഇവിടെ പ്രതിവർഷം എണ്ണായിരത്തോളം സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട്. |
| **ഇ)** ഗുണനിലവാരമില്ലാത്ത മരുന്നുകൾ ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിന് | **ഇ)** കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഗുണനിലവാര പരിശോധനാ കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ 5%- |

| | |
|---|---|
| അടിയന്തിര പരിഹാരം കാണുന്നതിനും ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ത്തിൽ താഴെമാത്രമാണ്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇങ്ങനെ മരുന്ന് പരിശോധനാ ലാബുകളുടെ എണ്ണം അഞ്ചാകുന്നതോടുകൂടി സംഭരണത്തിലുള്ള മരുന്നുകളുടെ റാൻഡം സാംപ്ലിംഗ് കൂടുതൽ കാര്യക്ഷമമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## 2017-18 കാലയളവിൽ നടത്തിയ പരിശോധനകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

| ക്രമ നം. | ജില്ല | മെഡിക്കൽ ഷോപ്പുകളുടെ എണ്ണം | 2016-17 കാലയളവിൽ നടത്തിയ പരിശോധനകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1642 | 1279 |
| 2 | കൊല്ലം | 1250 | 716 |
| 3 | പത്തനംതിട്ട | 563 | 760 |
| 4 | കോട്ടയം | 783 | 877 |
| 5 | ആലപ്പുഴ | 1030 | 523 |
| 6 | എറണാകുളം | 1553 | 2206 |
| 7 | ഇടുക്കി | 347 | 298 |
| 8 | തൃശ്ശൂർ | 1431 | 1117 |
| 9 | പാലക്കാട് | 975 | 450 |
| 10 | കോഴിക്കോട് | 1311 | 1602 |
| 11 | വയനാട് | 244 | 327 |
| 12 | മലപ്പുറം | 1647 | 1418 |
| 13 | കണ്ണൂർ | 757 | 1557 |
| 14 | കാസർഗോഡ് | 344 | 582 |

സെക്ഷൻ ഓഫീസർ